6

**ദൈവം**

# പ്രകൃതി എങ്ങനെ ദൈവത്തെ വർണ്ണിക്കുന്നു?

"അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷമയുള്ള മനുഷ്യൻ, പക്ഷി, നാല് - ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശമാക്കിയ" മനുഷ്യന്റെ ആത്മീയ കാഴ്ച്ചപ്പാട് എത്ര ദയനീയമാണെന്ന് ഓർക്കുക (റോമർ 1:23). സൃഷ്ടിച്ച സൃഷ്ടി കർത്താവിനേക്കാൾ അവർ സൃഷ്ടിയെ നമസ്ക്കരിക്കയും സേവിക്കുകയും ചെയ്യുന്നതു എത്ര വേദനാജനകമാണ്!

ദൈവത്തിന്നു പ്രായശ്ചിത്തമായി പൊന്നുകൊണ്ടു അഞ്ചു മൂലക്കുരുവും പൊന്നുകൊണ്ടു അഞ്ചു എലിയും ഉണ്ടാക്കിയ ഫെലിസ്ത്യരുടെ ഉദ്യമത്തെ വാഴിക്കുന്നവർക്കു വേദന തോന്നും. (നോക്കുക 1 ശമുവേൽ 6:2-5.)

സിറിയക്കാരുടെ മനസ്സിൽ അവർ ദൈവത്തെ വളരെ പരിമിതപ്പെടുത്തുകയും തലതിരിയുകയും ചെയ്തിരുന്നു. കുന്നുകളിൽ ഒന്നിനെ ഒരു ദേവനും താഴ്വരകളിൽ ഒന്നിനെ മറ്റൊരു ദേവനും നിയന്ത്രിക്കുന്നു എന്നാണവർ കരുതിയത്.

### കാര്യകാരണത്തോടെ ദൈവത്തെ അറിയൽ

തെറ്റായ വിവരം ഇല്ലെങ്കിൽ, ജനങ്ങൾക്കു, മാനുഷ്യവും നിർമ്മലവും ആയ വിവേചനത്താൽ സത്യദൈവം ഉണ്ടെന്നു അറിയാം. ബൈബിൾ കൂടാതെ തന്നെ അവർക്കു അവനെ കുറിച്ചു പലതും അറിയാം.

### അവൻ ഒരു സൃഷ്ടികർത്താവു

ഒരു സന്ദർശകൻ അമേരിക്കയിലെ വൈറ്റ് ഹൗസിലേക്കു നടന്നു നീങ്ങുമ്പോൾ, അമേരിക്കൻ പ്രസിഡന്റിന്റെ ഭവനമായ, ആ മനോഹര മന്ദിരം ആരോ ഉണ്ടാക്കിയതാണ് എന്നു പറയേണ്ടതില്ല. ശുദ്ധവും

വ്യക്തവുമായ വിവേകശക്തിയുള്ള ആർക്കും മറിച്ചു ചിന്തിക്കുവാൻ സാധ്യമല്ല. നിർമ്മിക്കപ്പെട്ട വസ്തുവിനു ഒരു നിർമ്മാതാവുണ്ടെന്നു ജോയ്സ് കിൽമെറേക്കാൾ ബുദ്ധിയോടും മനോഹാരിതയോടും പറഞ്ഞിട്ടില്ല:

ഒരു വൃക്ഷത്തേപോലെ സ്നേഹനിർഭരമായി
ഒരു കവിതയെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല;
ഒരു വൃക്ഷം വേനലിൽ അവളുടെ തലയിൽ
റോബിൻസിനുള്ള കൂടുകൾ അണിയുന്നു.

ഒരു വൃക്ഷം തന്റെ ഹൃദയത്തിൽ പതിക്കുന്ന മഞ്ഞ്,
മഴയായി ജീവിക്കുന്നു;
വിശപ്പുള്ള വൃക്ഷത്തിന്റെ വാർ
മധുരം ഒഴുകുന്ന ഭൂമിയുടെ മാറിടം നുണയുന്നു.

ദിവസം മുഴുവൻ ഒരു വൃക്ഷം ദൈവത്തെ നോക്കി
ഇലകൾ ഉള്ള കൈകൾ ഉയർത്തി പ്രാർത്ഥിക്കുവാനും,
എന്നെ പോലെ ഒരു വിഡ്ഢിക്കു കവിത രചിക്കാം
പക്ഷെ ദൈവത്തിനു മാത്രമെ ഒരു മരമുണ്ടാക്കാൻ കഴിയു.[1]

**അവൻ മനുഷ്യനേക്കാൾ ഉയർന്നവൻ**

ആരോ നല്കിയ സാധനങ്ങളാണ്, മനുഷ്യർ ഉപയോഗിക്കുന്നത്, പ്ലെയിനിന്റെ - ശബ്ദത്തേക്കാൾ - വേഗതയുള്ളതും സ്കൈസ്ക്രാപ്പേഴ്സ് ഉണ്ടാക്കുവാനുള്ള കഴിവും ലഭിക്കുന്നു. എങ്ങനെയായാലും, ലോകം - ഉണ്ടാക്കുവാനുള്ള നേട്ടം മനുഷ്യർക്കു കൈ വന്നിട്ടില്ല. നമുക്ക് അറിയാവുന്ന ഒരു ആൾക്കെങ്കിലും ഇതേ രീതിയിൽ ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അയാൾ മനുഷ്യരേക്കാൾ ഉയർന്നവൻ ആയിരിക്കും. വ്യക്തമായി, സൃഷ്ടിക്കുന്ന ദൈവം നിശ്ചയമായും മനുഷ്യരേക്കാൾ ഉയർന്നവൻ തന്നെ.

**അവൻ മഹാശക്തി ഉള്ളവൻ**

വിപുലമായ ഗ്രഹങ്ങളെക്കുറിച്ചു ഒരാൾ വായിക്കുമ്പോൾ (നമ്മുടെ ഭൂമിയുടെ തൂക്കം 6,592,000,000,000,000,000,000 ടൺ ആണ്) അദൃശ്യ കരത്തിന്റെ ശക്തിയാൽ ഭ്രമണപഥത്തിൽ നിർത്തിയിരിക്കുന്നു, അവൻ സർവ്വശക്തനായ ദൈവമാണെന്നു ബൈബിൾ എടുത്തുപറയാതെ മനസ്സിലാകും. ദൈവത്തിനുള്ളതുപോലെ അത്ര ശക്തി മറ്റൊരു വ്യക്തിക്ക് ഉണ്ടെന്നു മനസ്സിലാക്കുക മനുഷ്യ - വ്യക്തികൾക്കു പ്രയാസമാണ്.

**അവൻ ക്രമമുള്ളവൻ**

രാവും പകലും വീണ്ടും വീണ്ടും ആവർത്തിക്കുന്നതും വേനലും, ശൈത്യവും, കൃത്യമായി പ്രവചിക്കാവുന്ന ഗ്രഹണങ്ങളും കാണുമ്പോൾ ഒരാൾക്കു പറയുവാൻ കഴിയും, “ഞാൻ ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും, അവൻ യാദൃശ്ചികനല്ല എന്നെനിക്കറിയാം; അവൻ ക്രമവും നിയമവും ഉള്ള ഒരു ദൈവമാണെന്നു എനിക്ക് അറിയാം.”

**അവൻ ഏകനാണ്**

ക്രമമുള്ള ഒരു വീട്ടിലൂടെ ഒരാൾ നടന്നുപോയാൽ, അദൃശ്യനായ ഒരു വീടു സൂക്ഷിപ്പുകാരനെ മാത്രമല്ല, രണ്ടു വീടു സൂക്ഷിപ്പുകാർ പരസ്പര വിരുദ്ധമായി പ്രവർത്തിക്കുന്നില്ല എന്നും കാണാം. ആ വീടു സൂക്ഷിപ്പുകാരനു എത്ര സഹായികൾ കാണുമെന്നു അയാൾക്ക് അറിയില്ല, പക്ഷെ ആ വീടു മുഴുവൻ നിയന്ത്രിക്കുന്ന, ഒരു മനസ്സിന്റെ തെളിവു അയാൾക്കു ഗ്രഹിക്കാം. അതുപോലെ, പ്രകൃതിയിൽ, നിയമ ങ്ങളുടെ യോജിപ്പും ഏർപ്പാടുകളും ഉറപ്പിക്കുന്നതു ഏക മനസ്സുള്ള ഏക ദൈവത്തെയാണ്.

**ദൈവം നല്ലവൻ ആണ്**

മനുഷ്യനിലപാടിൽ, പ്രകൃതിയിൽ ചില പ്രതികൂല വസ്തുക്കൾ - ഉദാഹരണമായി ചുഴലിക്കാറ്റുകൾ, രോഗവും, മരണവും - വിശദീകരി ക്കുവാൻ സാധ്യമല്ല. എങ്ങനെയായാലും മനുഷ്യന്റെ ക്ഷേമത്തെ ക്കുറിച്ചു ചിന്തിക്കുന്നവർക്കു അസുഖകരമായുള്ള കാര്യങ്ങൾ അസംഖ്യം വർദ്ധിച്ചു വരുന്നതായി പറയാം. വിതയ്ക്കുവാനുള്ള വിത്തും, ആഹാരത്തിനു അപ്പവും, ആകാശത്തു നിന്നു മഴയും ഫലപൂയിഷ്ട കാലാവസ്ഥയും, ഭക്ഷണപദാർത്ഥവും നന്മയും തരുന്നുവെങ്കിൽ അവൻ ദയയും, നന്മയും ഉള്ളവൻ ആയിരിക്കണം. ദയാപൂർവ്വം നന്മകൾ വരു ന്നതു ഒരിക്കലും ദുഷ്ട ദൈവത്തിൽ നിന്നാകയില്ല. ദുഷ്ടതയുടെ പരിഹാരം കാണുവാൻ വിഷമിക്കുന്നു എങ്കിലും - ദൈവം നല്ലവനാ ണെന്നു - ഒരാൾക്കു തീർത്തുപറയുവാൻ കഴിയും.

**അവൻ സൗന്ദര്യത്തെ സ്നേഹിക്കുന്നു**

നന്മയുടെ തെളിവുകൾ കണ്ടതുപോലെ, ദൈവം സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു എന്നതിനു പ്രകൃതിയിൽ നിറയെ തെളിവുകൾ ഉണ്ട്. ചില വൈരൂപ്യദൃശ്യങ്ങളുടെ തെളിവു പ്രകൃതിയിൽ ഉണ്ടെങ്കിലും - അതിൽ ചിലതു വിവേകത്താൽ വിശദീകരിക്കാവുന്നതല്ല - പ്രകൃതിയുടെ, “സൗന്ദര്യം ദൈവം ഇഷ്ടപ്പെടുന്നു!” റോസിനെ നിറമോ മണമോ ഇല്ലാതെ ചതുരത്തിൽ നിർമ്മിക്കാമായിരുന്നു. നൈറ്റിംഗേലിനെ ശബ്ദം കൂടാതെ ഉണ്ടാക്കാമായിരുന്നു; ഇമ കൂടാതെ കണ്ണിനെ ഉണ്ടാക്കാമായിരുന്നു, പുഞ്ചിരി ഇല്ലാതെ ചുണ്ടിനേയും നിർമ്മി ക്കാമായിരുന്നു. വീണ്ടും, ചില ചോദ്യങ്ങൾക്കു ഉത്തരമില്ല എങ്കിലും, ദൈവം സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു എന്നു പറയുവാൻ സമൃദ്ധമായ തെളിവുകളാൽ നമ്മെ നിർബന്ധിക്കുന്നു.

**അവൻ ധാർമ്മികൻ ആണ്**

മനുഷ്യന്റെ ശരീരത്തിനു ഒരു നിർമ്മാതാവു ഉള്ളതുപോലെ, മനുഷ്യന്റെ മനസ്സാക്ഷിക്കുമുണ്ട് ഒരു നിർമ്മാതാവ്. നിർജീവ വസ്തുവിനു ശരിയും തെറ്റും ബോധ്യമാകുന്നതു പുറപ്പെടുവിക്കുവാൻ കഴിയും എന്നതു ഊഹിക്കുവാൻ പ്രയാസമാണ്; അതുപോലെ, മന സ്സാക്ഷി നിർമ്മിച്ച ദൈവത്തിനു ശരിയും തെറ്റും തിരിച്ചറിയുന്ന ഇന്ദ്രി യമില്ല എന്നുള്ളതും ഊഹിക്കുവാൻ കഴിയുന്നതല്ല. വീണ്ടും, തെളിവു വ്യക്തമാണ്: മർത്യമനുഷ്യനു ദൈവം അദൃശ്യനാണെങ്കിലും മനുഷ്യനെ

സൃഷ്ടിച്ച വൻ ധാർമ്മിക വ്യക്തിയാണെന്നു മനുഷ്യനു അറിയാം.

### വെളിപ്പാടിനാൽ ദൈവത്തെ അറിയൽ

ദൈവത്തെക്കുറിച്ചുള്ള പല സത്യങ്ങളും വിശ്വസിക്കത്തക്ക നിലയിൽ പ്രകൃതി വിളിച്ചറിയിക്കുന്നുണ്ട്; പക്ഷെ ദൈവത്തെ സേവിക്കുന്നതു എങ്ങനെ എന്നു പർവ്വതത്തിൽനിന്നോ, ആകാശ വെളിച്ചത്തിൽ നിന്നോ അറിയുകയില്ല. വെളിപ്പാട് കൂടാതെ മനുഷ്യന്റെ ഉല്പത്തിയെക്കുറിച്ചു കുറെയൊക്കെ അറിയാം; പക്ഷെ മനുഷ്യന്റെ കടമയും ലക്ഷ്യവും അതിൽ നിന്നു അറിയാവുന്നതല്ല. മതപരമായി, മനുഷ്യന്റെ വഴി അവനിൽ ഇല്ല.

പ്രകൃതി സ്പഷ്ടമായും മനുഷ്യന്റെ ആവശ്യങ്ങൾ മുൻകണ്ടിട്ടുണ്ട്, അവരുടെ തൃപ്തിക്കായി അവ നല്കുകയും ചെയ്യുന്നു. ശ്വാസ കോശത്തിനു വായുവും, ആമാശയത്തിനു ഭക്ഷണവും, ഏകാന്തതയ്ക്കു തുണയും നല്കുന്നു. അതുപോലെ പ്രകൃതിയിൽ മനുഷ്യന്റെ മതപര മായ ആവശ്യങ്ങൾ അസന്തുഷ്ടമായി വിട്ടിട്ടില്ല. തീർച്ചയായും, പ്രകൃതി മനുഷ്യനുവേണ്ടി ചെയ്യുന്നേടത്തോളം മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യത്തിനു തൃപ്തി അടയാതെവന്നാൽ അതു മനുഷ്യനെ അതിശയിപ്പിക്കും.

ഒരാൾ പ്രതീക്ഷിക്കുന്നതുപോലെ, ദൈവം മനുഷ്യർക്ക് തന്നെ പ്രത്യേകമായി വെളിപ്പെടുത്തിയിരിക്കുന്നു എന്നു വിശ്വസനീയമായ ചരിത്രം ഉറപ്പിക്കുന്നു: ഇതു ആദ്യം വാക്കുകളാലായിരുന്നു, അതിനു ശേഷം സ്വപ്നങ്ങളാലും ദർശനങ്ങളാലും ആയിരുന്നു, പിന്നെ കല്ലിൽ - എഴുതപ്പെട്ട നിയമങ്ങളാലും, പിന്നീട് എഴുതപ്പെട്ട - നിയമ പുസ്ത കത്താലും ആയിരുന്നു. തനിക്കു സ്വയം മനസ്സിലാക്കുവാൻ കഴിയാത്ത വിധത്തിൽ ദൈവം ക്രമേണ മനുഷ്യനു വെളിപ്പെടുത്തികൊടുത്തു. അവസാനം, ദൈവത്തിന്റെ മുൻകാഴ്ച്ച, നന്മ, ശക്തി, സ്നേഹം ഒരുമിച്ചു അവൻ തന്റെ പദവി വിട്ടു മനുഷ്യനിലേക്കു ഇറങ്ങി വന്നു പ്രദർശിപ്പിച്ചു. അവൻ *ഇമ്മാനുവേൽ*, “ദൈവം നമ്മോടുകൂടെ” ആയി തീർന്നു. കൂടാതെ അവൻ തന്നെത്തന്നെ *ഗോ'യേൽ*, ഒരു വീണ്ടെടുപ്പുകാരനാകുവാൻ തയ്യാറായി, നമ്മുടെ തെറ്റുകൾക്കു പരിഹാരമായി മരിച്ചു. അവൻ നമ്മുടെ പുനരുത്ഥാനവും ജീവനും ആയി തീർന്നതു വായിക്കുന്നതു എത്ര സന്തോഷത്തോടെയാണ് - സമൃദ്ധമായ ജീവൻ!

### ഉപസംഹാരം

മനുഷ്യന്റെ ഉത്ഭവം, ചുമതല, തേജസിന്റെ പ്രത്യാശ എന്നിവ പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കകൊണ്ടു, മനുഷ്യഹൃദയങ്ങൾ അവനിലേക്കു ആകർഷിക്കപ്പെടുന്നു. അവർ ക്രൂശിന്റെ പ്രാധാന്യം തിരിച്ചറിയുകയും പുനരുത്ഥാനത്തിന്റെ മാഹാത്മ്യത്തോടു ബന്ധപ്പെടു കയും ചെയ്യുന്നു. പ്രപഞ്ചത്തിലെ നല്ലതും മനോഹരവുമായ ദാനങ്ങൾ എല്ലാം, വലിയ സ്നേഹരൂപമായ, പരമോന്നതമായ *അഗാപ്പ*യാൽ ചുറ്റപ്പെട്ടതാണ്. നിത്യജീവൻ എന്നാൽ: ഏകസത്യ ദൈവത്തെയും, അവൻ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ്. അവനാണ് നാം ആരാധിക്കേണ്ട ദൈവം.

കുറിപ്പ്

[1]ജോയ്സെ കിൽമെർ *ട്രീസ് & അതർ പോയംസ്* (ഗാർഡെൻ സിറ്റി, എൻ. വൈ.: ഡബിൾഡേ & കമ്പനി; 1914), 19.

© 2009 Truth for Today